## സന്താനരഹിതയായ സ്ത്രീ ഭർത്തൃവീട്ടിൽ വച്ച് പൊള്ളലേറ്റ് മരിച്ചു: മരിച്ച സ്ത്രീക്കു ലഭിച്ച വിവാഹ സമ്മാനത്തിൽ ഭർത്താവിന് അവകാശമില്ല

### കേരള ഹൈക്കോടതി

Mat. A. No. 410/2011 Dt. 29.1.2021

മണിയമ്മ കെ.പി. X ഹരികുമാർ

പ്രഭാകുമാരി, ഹരികുമാർ എന്നിവർ ഹിന്ദു മതാചാര പ്രകാരം 2004–ൽ വിവാഹിതരായി. അവർക്ക് മക്കളില്ല. 2007–ൽ ഭർത്തൃ വീട്ടിൽ വച്ച് പ്രഭാകുമാരി പൊള്ളലേറ്റു മരിച്ചു. ഇതു സംബന്ധിച്ച് പന്തളം പോലീസ് മരിച്ച സ്ത്രീയുടെ ഭർത്താവ്, ഭർത്താവിന്റെ മാതാപിതാക്കന്മാർ എന്നിവർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തു. മരിച്ച സ്ത്രീക്ക് വിവാഹസമയത്ത് പിതൃസ്വത്തിലെ ഓഹരിയായി നാല് ലക്ഷം രൂപയുടെ സ്വർണ്ണവും രണ്ടു ലക്ഷം രൂപയും വിവാഹ സമ്മാനമായി ലഭിച്ചിരുന്നു. പ്രസ്തുത സ്വത്ത് മരിച്ച സ്ത്രീയുടെ ഭർത്താവ് ധൂർത്തടിച്ച് നശിപ്പിക്കുകയാണുണ്ടായത്. അപ്രകാരമിരിക്കെയാണ് പ്രഭാകുമാരി പൊള്ളലേറ്റ് മരിച്ചത്. തുടർന്ന്, മരിച്ച സ്ത്രീയുടെ മാതാവ് മേൽപറഞ്ഞ സ്വത്തുക്കൾ തിരികെ നല്കണമെന്ന് ഹരികുമാറിനോട് ആവശ്യപ്പെട്ടു. ഇത് നിരാകരിക്കപ്പെട്ടപ്പോൾ മാതാവ് ആലപ്പുഴ കുടുംബക്കോടതിയിൽ വ്യവഹാരം നല്കി. 20 പവൻ സ്വർണ്ണം മാത്രമേ ലഭിച്ചിട്ടുള്ളുവെന്നും അത് മരിച്ച സ്ത്രീയുടെ ഏക അനന്തരാവകാശി എന്ന നിലയിൽ തനിക്കു മാത്രം അവകാശപ്പെട്ടതാണെന്നും മരിച്ച ഭാര്യയുടെ മാതാവിന് തിരിച്ചുകൊടുക്കാൻ ബാധ്യതയില്ലെന്നും ഭർത്താവ് വാദിച്ചു. ഭർത്താവിന്റെ വാദങ്ങൾ അംഗീകരിച്ച കുടുംബക്കോടതി വ്യവഹാരം തള്ളിക്കളഞ്ഞു. ഇതിനെതിരെ മരിച്ച സ്ത്രീയുടെ മാതാവ് ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. സന്താനരഹിതയായി മരിച്ച ഹിന്ദു സ്ത്രീയുടെ പിതൃസ്വത്തിനുള്ള അവകാശം പിതാവിന്റെ അനന്തരാവകാശികൾക്ക് മാത്രമാണെന്നും മരിച്ച സ്ത്രീയുടെ ഭർത്താവിനല്ലെന്നും നിയമത്തിൽ വ്യവസ്ഥയുണ്ടെന്ന് അപ്പീൽ ഹർജിക്കാരി ഹൈക്കോടതിയിൽ ബോധിപ്പിച്ചു. കുടുംബക്കോടതിയുടെ ഉത്തരവ് നിയമവിരുദ്ധമായതിനാൽ റദ്ദാക്കേണ്ടതാണെന്ന് അപ്പീൽ ഹർജിക്കാരി വാദിച്ചു. വിവാഹാവസരത്തിൽ 20 പവൻ സ്വർണ്ണാഭരണങ്ങൾ മാത്രമാണ് ലഭിച്ചിട്ടുള്ളതെന്നും അത് തനിക്ക് മാത്രം അവകാശപ്പെട്ടതാണെന്നും ഭർത്താവ് വാദിച്ചു. 20 പവൻ സ്വർണ്ണാഭരണങ്ങൾക്കു പുറമെ രണ്ട് ലക്ഷം രൂപയും മരിച്ച സ്ത്രീക്ക് പിതൃസ്വത്തായി ലഭിച്ചിട്ടുള്ളത് തെളിഞ്ഞിട്ടുണ്ടെന്ന് ഹൈക്കോടതി വിലയിരുത്തി. സന്താനരഹിതയായി മരിച്ച ഹിന്ദു സ്ത്രീയുടെ പിതൃസ്വത്ത് പിതാവിന്റെ അനന്തരാവകാശികൾക്ക് മാത്രമുള്ളതാണെന്നും മരിച്ച സ്ത്രീയുടെ ഭർത്താവിനുള്ളതല്ലെന്നും വ്യക്തമാക്കിയ ഹൈക്കോടതി കുടുംബക്കോടതിയുടെ വിധി റദ്ദാക്കുകയും ഒരു മാസത്തിനുള്ളിൽ നാല് ലക്ഷം രൂപ അപ്പീൽ ഹർജിക്കാരിക്ക് നല്കണമെന്ന് എതിർകക്ഷികളോട് നിർദ്ദേശിക്കുകയും ഒരു മാസത്തിനുള്ളിൽ നല്കിയില്ലെങ്കിൽ 6% പലിശ സഹിതം പണം എതിർകക്ഷികളിൽ നിന്ന് വസൂലാക്കാൻ അപ്പീൽ ഹർജിക്കാരിക്ക് അവകാശമുണ്ടെന്ന് വിധിക്കുകയും ചെയ്തു.